ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13-04-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇതിഹാസ ഗായിക ആശാ ഭോസ്‌ ലെയ്ക്ക്‌ വിട നൽകി രാജ്യം.

   **The country bid farewell to legendary singer Asha Bhosle.**

2. വനിതാ സംവരണ ബില്ലിൻറെ ചർച്ചകൾക്കായുള്ള പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന നാരീശക്തി വന്ദൻ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യു.

   **Prime Minister Narendra Modi addressed the Nari Shakti Vandan meeting held in New Delhi on the occasion of the special session of Parliament for the discussion of the Women's Reservation Bill.**

3. ഇറാനിയൻ തുറമുഖങ്ങൾ ഉപരോധിക്കുമെന്ന അമേരിക്കയുടെ പ്രഖ്യാപനത്തെത്തുടർന്ന്‌ ആഗോള എണ്ണവില ബാരലിന്‌ 100 യു.എസ്‌ ഡോളറിന്‌ മുകളിൽ വർധിച്ചു. ഗാർഹിക എൽപിജി വിതരണം ഉറപ്പാക്കിയിട്ടുണ്ടെന്ന്‌ കേന്ദ്ര സർക്കാർ.

   **Global oil prices have increased above US$ 100 per barrel following the US's announcement to block Iranian ports. The central government has assured domestic LPG supply.**

4. പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിലേക്കുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു.

**The deadline for withdrawal of nominations for the second phase of voting in the West Bengal assembly elections has ended.**

5. **കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ ഇതുവരെ ലഭിച്ച കണക്കുകൾ പ്രകാരം 79.63 ശതമാനം പോളിങ് രേഖപ്പെടുത്തിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.**

**As per the figures received so far in the Kerala assembly elections, 79.63 percent polling has been recorded, Chief Electoral Officer Ratan U Kelkar said.**

6. **ഐപിഎലിൽ ഹൈദരാബാദിനെതിരെ ടോസ് നേടിയ രാജസ്ഥാൻ ഫീൽഡിംഗ് തെരഞ്ഞെടുത്തു.**

**Rajasthan won the toss against Hyderabad in the IPL.**

*******************************

## ASHA BHOSLE

ഇതിഹാസ ഗായിക ആശാ ഭോസ്‌ലെയ്ക്ക് വിട നൽകി രാജ്യം. മുംബൈയിലെ ശിവാജി പാർക്ക് ശ്മശാനത്തിൽ സംസ്കാര ചടങ്ങുകൾ നടന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് വേണ്ടി മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് പുഷ്പചക്രം അർപ്പിച്ചു. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിമാർ, മന്ത്രിമാർ, ചലച്ചിത്ര പ്രവർത്തകർ എന്നിവരും ആയിരക്കണക്കിന് സംഗീത പ്രേമികളും ആശ ഭോസ്‌ലെക്ക് ആദരാഞ്ജലി അർപ്പിക്കാൻ എത്തിയിരുന്നു.

*******************************

## PREZ-AIMS (INTRO)

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാലുദിവസത്തെ ഗുജറാത്ത്-മഹാരാഷ്ട്ര സന്ദർശനത്തിന് തുടക്കമായി. ഗുജറാത്തിലെ രാജ്കോട്ട് എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു. ഡോക്ടർമാർ ധാർമികത, കാരുണ്യം, നിസ്വാർത്ഥത തുടങ്ങിയ മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന്

ശ്രീമതി മുർമു പറഞ്ഞു. ആദ്യ ബാച്ചിലെ 50 ഓളം വിദ്യാർത്ഥികൾക്ക് രാഷ്ട്രപതി ബിരുദ സർട്ടിഫിക്കറ്റ് സമ്മാനിച്ചു.

( വോയിസ്...)

ഡോ. ബി.ആർ. അംബേദ്കറുടെ ജന്മവാർഷികത്തോടനുബന്ധിച്ച് ഗാന്ധിനഗറിലെ ലോക് ഭവനിൽ നടക്കുന്ന സാമാജിക് സമരസത മഹോത്സവത്തിൽ നാളെ രാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് ഗാന്ധിനഗറിലെ രാഷ്ട്രീയ രക്ഷാ സർവകലാശാലയുടെ അഞ്ചാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി സംബന്ധിക്കും.

*******************************

## PM-NARI SHAKTI SAMMELAN

വനിതാ സംവരണ ബിൽ സംബന്ധിച്ച ചർച്ചകൾക്കായി പാർലമെൻറിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് വ്യാഴാഴ്ച തുടക്കമാകും. ഇതോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന നാരീശക്തി വന്ദൻ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. രാജ്യത്തുടനീളം കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ചു കൊണ്ട് സ്ത്രീകളെ ശാക്തീകരിക്കാൻ എല്ലാവരും ഒരുമിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് വനിതകൾ രാജ്യത്തിന്റെ വികസന യാത്രയുടെ പതാകവാഹകരായി മാറിയിരിക്കുകയാണെന്ന് ചടങ്ങിൽ സംസാരിച്ച വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി പറഞ്ഞു.

*******************************

## CONGRESS -JDU -LJP - WHIP

വനിതാ സംവരണ ബിൽ സംബന്ധിച്ച് സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ ലോക്സഭയിലും രാജ്യസഭയിലുമുള്ള എല്ലാ അംഗങ്ങളും സഭയിൽ ഹാജരാകണമെന്ന് കോൺഗ്രസ്, ജനതാദൾ യുണൈറ്റഡ്, ലോക് ജനശക്തി പാർട്ടി റാംവിലാസ് പക്ഷം എന്നിവർ വിപ്പ് നൽകി. പാർലമെന്റ് സമ്മേളനത്തിൽ പാർട്ടി നിലപാടിനെ പിന്തുണയ്ക്കാനും എംപിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

നേരത്തെ ബിജെപിയും എല്ലാ പാർലമെന്റ് അംഗങ്ങൾക്കും വിപ്പ് നൽകിയിരുന്നു.

******************************

## MARITIME BLOCKADE

ഇറാനുമായുള്ള സമാധാന ചർച്ചകൾ പരാജയപ്പെട്ടതിനെത്തുടർന്ന് ഹോർമുസ് കടലിടുക്ക് ഉപരോധിക്കാനുള്ള യു.എസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപിന്റെ ഉത്തരവിനെത്തുടർന്ന്, യു.എസ് സൈന്യം ഇന്നുമുതൽ ഇറാനിയൻ തുറമുഖങ്ങളിലേക്കും ഇറാനിയൻ തീരങ്ങളിലേയ്ക്കും പോകുന്ന എല്ലാ കപ്പലുകളും തടയുമെന്ന് റിപ്പോർട്ട്. അതേസമയം ഹോർമുസ് കടലിടുക്ക് വഴി ഇറാൻ ഇതര തുറമുഖങ്ങളിലേക്ക് കടന്നുപോകുന്ന കപ്പലുകൾക്ക് യാത്രാനുമതി നൽകും. എന്നാൽ അമേരിക്കയോ സഖ്യകക്ഷികളോ നടത്തുന്ന തെറ്റായ നീക്കങ്ങൾക്ക് ശക്തമായ തിരിച്ചടി നേരിടേണ്ടിവരുമെന്ന് ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് മുന്നറിയിപ്പ് നൽകി. ഹോർമുസ് കടലിടുക്കിന്മേൽ തങ്ങൾക്കാണ് പൂർണ്ണ നിയന്ത്രണമെന്ന് ഇറാൻ അവകാശപ്പെട്ടു.

******************************

## WEST ASIA-HORMUZ

ഹോർമുസ് കടലിടുക്കിൽ അമേരിക്ക ഏർപ്പെടുത്തിയ ഉപരോധത്തിൽ ബ്രിട്ടീഷ് പങ്കാളിത്തം തള്ളി പ്രധാനമന്ത്രി കെയർ സ്റ്റാർമർ. ഇറാനുമായുള്ള സംഘർഷത്തിലേക്ക് ബ്രിട്ടണെ വലിച്ചിഴയ്ക്കില്ലെന്ന് കെയർ സ്റ്റാർമർ വ്യക്തമാക്കി. ഇറാനിയൻ തുറമുഖങ്ങളിൽ പ്രവേശിക്കുന്നതും പുറത്തുകടക്കുന്നതുമായ സമുദ്ര ഗതാഗതം ഇന്ത്യൻ സമയം രാത്രി 8:30-മുതൽ ഉപരോധിക്കാൻ തുടങ്ങുമെന്ന യു.എസ് സെൻട്രൽ കമാൻഡിന്റെ പ്രഖ്യാപനത്തെ തുടർന്നാണ് ബ്രട്ടീഷ് പ്രധാനമന്ത്രിയുടെ പരാമർശം. ഹോർമൂസ് ഉപരോധത്തിൽ പങ്കെടുക്കാൻ അമേരിക്കയിൽ നിന്നും ഒരു അഭ്യർത്ഥനയും ലഭിച്ചിട്ടില്ലെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസും

വ്യക്തമാക്കി.

******************************

## GLOBAL OIL PRICES US

ഇറാനിയൻ തുറമുഖങ്ങൾ ഉപരോധിക്കുമെന്ന അമേരിക്കയുടെ പ്രഖ്യാപനത്തെത്തുടർന്ന് ആഗോള എണ്ണവില ബാരലിന് 100 യു.എസ് ഡോളറിനും മുകളിൽ വർധിച്ചു. ബ്രെന്റ് ക്രൂഡ് ഓയിൽ 8.5 ശതമാനം ഉയർന്ന് ബാരലിന് 102.37 യു.എസ് ഡോളറിലെത്തി, അതേസമയം വെസ്റ്റ് ടെക്സസ് ഇന്റർമീഡിയറ്റ് 9 ശതമാനം ഉയർന്ന് ബാരലിന് 105.34 യു.എസ് ഡോളറിലെത്തി. ഏഷ്യയിലെ പ്രധാന ഓഹരി സൂചികകളും ഇടിഞ്ഞു. ജപ്പാനിലെ നിക്കി 0.8 ശതമാനവും ദക്ഷിണ കൊറിയയുടെ കോസ്പി 1.8 ശതമാനവുമാണ് ഇടിഞ്ഞത്.

******************************

## WEST BENGAL-ELECTION

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിലേക്കുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു. ഈ മാസം 29-നാണ് വോട്ടെടുപ്പ്. ആദ്യ ഘട്ട വോട്ടെടുപ്പ് 23 ന് നടക്കും. തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പും 23 നാണ്.

******************************

## RATAN U KELKAR

കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ ഇതുവരെ ലഭിച്ച കണക്കുകൾ പ്രകാരം 79.63 ശതമാനം പോളിങ് രേഖപ്പെടുത്തിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇതുവരെ ലഭിച്ച തപാൽ വോട്ട് കൂടി ചേർത്തുള്ള കണക്കാണിതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. സർവീസ്

വോട്ട്, വോട്ടെണ്ണൽ സമയത്തേ അറിയാൻ സാധിക്കൂ എന്നും അതു കൂടി ചേർക്കുമ്പോൾ അന്തിമകണക്കിൽ മാറ്റമുണ്ടാകുമെന്നും ശ്രീ കേൽക്കർ വ്യക്തമാക്കി.

******************************

## PM-UP UK VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തരാഖണ്ഡും ഉത്തർപ്രദേശും സന്ദർശിക്കും. ഇരു സംസ്ഥാനങ്ങളിലും വിവിധ പരിപാടികളിൽ പങ്കെടുക്കും.

******************************

## GOYAL-OMAN

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ ഒമാനിലെ വാണിജ്യ, വ്യവസായ, നിക്ഷേപ പ്രോത്സാഹന മന്ത്രിയുമായി ടെലിഫോണിൽ സംഭാഷണം നടത്തി. ഇരു രാജ്യങ്ങളുടെയും പരസ്പര വളർച്ചയ്ക്കായി ഉഭയകക്ഷി വ്യാപാര, നിക്ഷേപ ബന്ധങ്ങൾ വർദ്ധിപ്പിക്കുന്നത് ചർച്ച ചെയ്തതായി പീയൂഷ് ഗോയൽ വ്യക്തമാക്കി.

******************************

## INTER MINISTERIAL BRIEFING (INTRO)

ഗാർഹിക എൽപിജിയുടെ നൂറു ശതമാനം വിതരണം സർക്കാർ ഉറപ്പാക്കിയിട്ടുണ്ടെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. എൽപിജിയുടെ ആഭ്യന്തര വിതരണം സാധാരണ നിലയിലാണെന്നും ഒടിപി അടിസ്ഥാനമാക്കിയുള്ള ഗാർഹിക എൽപിജി വിതരണം ഉറപ്പാക്കുന്നുണ്ടെന്നും ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ സമ്മേളനത്തിൽ അവർ പറഞ്ഞു.

( വോയിസ്....)

പേർഷ്യൻ ഗൾഫ് മേഖലയിൽ തുടരുന്ന എല്ലാ ഇന്ത്യൻ നാവികരും

സുരക്ഷിതരാണെന്ന് തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയ അഡീഷണൽ സെക്രട്ടറി മുകേഷ് മംഗൾ പറഞ്ഞു. 20,400 മെട്രിക് ടൺ എൽപിജിയുമായി 24 നാവികർ ഉൾപ്പെടുന്ന ഇന്ത്യൻ കപ്പൽ ജാഗ് വിക്രം നാളെ കണ്ട്ല തുറമുഖത്ത് എത്തുമെന്നും അദ്ദേഹം അറിയിച്ചു.

*****************************

## SC-WB VOTER LIST SIR

പശ്ചിമ ബംഗാളിൽ എസ്.ഐ.ആർ പ്രക്രിയയിലൂടെ വോട്ടർ പട്ടികയിൽ നിന്ന് പേരുകൾ നീക്കം ചെയ്തതിനെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി പരിഗണിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. ഇത്തരം പരാതികൾ കേൾക്കാൻ രൂപീകരിച്ചിട്ടുള്ള നിയുക്ത അപ്പീൽ ട്രൈബ്യൂണലുകളെ സമീപിക്കാൻ ഹർജിക്കാരോട്, ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരുടെ നേതൃത്വത്തിലുള്ള ബെഞ്ച് നിർദ്ദേശിച്ചു. കൃത്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാൽ ഈ ഘട്ടത്തിലുള്ള ജുഡീഷ്യൽ ഇടപെടൽ തിരഞ്ഞെടുപ്പ് പ്രക്രിയയെ തടസ്സപ്പെടുത്തുമെന്ന് കോടതി നിരീക്ഷിച്ചു. അതേസമയം, കൽക്കട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച 19 ട്രൈബ്യൂണലുകൾ അപ്പീലുകളിൽ വാദം കേൾക്കാൻ തുടങ്ങി.

*****************************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ടോസ് നേടിയ രാജസ്ഥാൻ റോയൽസ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഹൈദരാബാദിലാണ് മത്സരം.

*****************************

## KANNUR - NITHIN RAJ

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജിലെ വിദ്യർഥി നിതിൻ രാജിൻറെ മരണത്തിൽ യുവജന കമ്മീഷൻ സ്വമേധയാ

കേസെടുത്തു. വിദ്യാർത്ഥികളുടെ മൊഴി രേഖപ്പെടുത്തിയെന്നും അധ്യാപകന്റെ ഭാഗത്ത് ഗുരുതര വീഴ്ച ഉണ്ടെന്ന് തെളിഞ്ഞുവെന്നും യുവജന കമ്മീഷൻ ചെയർമാൻ എം ഷാജർ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. വരുംദിവസങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളുടെ മൊഴി രേഖപ്പെടുത്തും.

******************************

## AMBEDKAR JAYANTHI

അംബേദ്കർ ജയന്തി ദിനമായ നാളെ കേരള ലോക് ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, അഭിസംബോധന ചെയ്യും. ചടങ്ങിൽ ഗവർണർ രാജേന്ദ്രവിശ്വനാഥ്
ആർലേക്കർ അധ്യക്ഷനാകും. നാളെ രാവിലെ നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ പുഷ്പാർച്ചന നടത്തും.

*************************************************************************
******************